File No.LSGD-ERA1/174/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇളമാട് ഗ്രാമപഞ്ചായത്ത് - ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഉണ്ണികൃഷ്ണ പിള്ള എസ്-നെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ ആർ എ) വകുപ്പ്

സ.ഉ.(സാധാ) നം.94/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 13/01/2021

---

പരാമർശം:- 1 07.11.2012 -ലെ സ. ഉ. (സാധാ) നം 3091/12/തസ്വഭവ നമ്പർ ഉത്തരവ്.

2 14.08.2020-ലെ 992/എസ്റ്റാ.സി3/2019/സിആർഡി നമ്പർ ഉത്തരവ്.

3 ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.09.2020 ലെ സി 7 -118/2007 നമ്പർ കത്ത്.

4. 21.10.2020 ലെ എസ്റ്റാ. സി 4/9097/2020/സിആർഡി നമ്പർ കത്തും ഉള്ളടക്കവും .

<u>ഉത്തരവ്</u>

സൂചന (1) പ്രകാരം ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസ വ്യവസ്ഥയിൽ കൊല്ലം ഇളമാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഉണ്ണികൃഷ്ണ പിള്ള എസ് നെ സൂചന (2) പ്രൊമോഷൻ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ഹെഡ് അക്കൗണ്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. ആയതിനാൽ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ടിയാനെ വിടുതൽ ചെയ്യണമെന്ന് സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഇളമാട് ഗ്രാമ പഞ്ചായത്തിൽ ടിയാനെതിരെ യാതൊരുവിധ ബാധ്യതയും മറ്റു നടപടിക്രമങ്ങളും നിലവില്ല എന്ന് സൂചന (3) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇളമാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഉണ്ണികൃഷ്ണ പിള്ള എസ് -നെ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്.**

**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ. ഉണ്ണികൃഷ്ണ പിള്ള എസ്, ക്ലാർക്ക്, ഇളമാട് ഗ്രാമപഞ്ചായത്ത്. (ഗ്രാമവികസന കമ്മീഷണർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ഇളമാട് ഗ്രാമപഞ്ചായത്ത്.

ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

✓IKM Director

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ